Sectt. 3/45/2010/5 lakhs GPM. © Govt. of K...

GOVERNMENT OF KERALA

നമ്പർ. 10310/ഡി1/2009/ഉ.വി.വ.

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 19.03.2012

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം: -ഉന്നതവിദ്യാഭ്യാസ വകുപ്പ്-സ്വകാര്യ എയ്ഡഡ് കോളേജുകൾ - പി. ഡി ഫണ്ടിലെ സ്പെഷ്യൽ ഫീസുകളുടെ വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 13.03.2009 ലെ ജി2/30624/08/കോ.വി.വ നമ്പർ കത്ത്

***

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അക്യുമുലേറ്റഡ് പി ഡി ഫണ്ടിലെ സ്പെഷ്യൽ ഫീസുകളുടെ വിനിയോഗം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം അറിയിക്കുന്നു.

**അഡ്മിഷൻ ഫീസ്:**

അഡ്മിഷൻ ഫീസ് ഉപയോഗം സംബന്ധിച്ച് 13.9.90 ലെ ജി.ഒ (എം. എസ്) 224/90/ഉ.വി.വ 22.8.97 ൽ ജി.ഒ (എം. എസ്) നം 119/97/ഉ.വി.വ ഉത്തരവുകൾ നിലവിലുണ്ട്.

സ്വകാര്യ കോളേജുകളിൽ ആവശ്യമായ ടെൻഡർ ഫോമുകൾ സർക്കാർ ചെലവിൽ അച്ചടിച്ച് നൽകാവുന്നതും ഇതിനായി നിശ്ചിത ഫീസ് ഈടാക്കാവുന്നതുമാണ്. അതാതു വർഷത്തെ തുക വിനിയോഗിക്കുവാൻ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. മറ്റു ഫീസിനങ്ങളിൽ ഒന്നും ഉൾപ്പെടുത്താത്ത വാട്ടർ പ്യൂരിഫൈയർ മുതലായവ അഡ്മിഷൻ ഫീസ് ഉപയോഗിച്ച് സ്റ്റോർ പർച്ചേസ് റൂളിനു വിധേയമായി വാങ്ങാവുന്നതാണ്.

അഡ്മിഷൻ ഫീസിൻെറ അക്യുമുലേറ്റഡ് തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സ.ഉ. (എം.എസ്) നം. 119/97/ഉ.വി.വ. തീയതി 28/2/97 ൽ പറയുന്ന ഇനങ്ങളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

**ലൈബ്രറി ഫീസ്**

ബുക്കുകൾ, പീരിയോഡിക്കൽസ്, മാഗസിനുകൾ, സി.ഡികൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ് ഈ ഫീസിനത്തിൽ നിന്നുവഹിക്കാവുന്നതാണ്. നിലവിൽ ലൈബ്രറി ഫീ ഇനത്തിൽ പിരിക്കുന്ന തുക കൂടാതെ യു.ജി.സി യിൽ നിന്നും പുസ്തകങ്ങളും ജേർണലുകളും വാങ്ങുവാൻ വൻ തുക ഗ്രാൻറായി ലഭിക്കുന്നുണ്ട്. ടി തുക ലൈബ്രറി ഡെവലപ്മെൻറിന് പര്യാപ്തമാകയാൽ ലൈബ്രറി ഫൈൻ കൂടി ആയതിലേക്ക് അനുവദിക്കേണ്ടതില്ല. ടി തുക സർക്കാർ റവന്യൂവിലേക്ക് അടക്കേണ്ടതാണ്. സെമസ്റ്റർ സമ്പ്രദായം അനുവർത്തിക്കുന്ന പി ജി, ഡിഗ്രി കോഴ്സുകൾക്ക് വെക്കേഷൻ കാലയളവ് പഠനസമയമായതിനാൽ ഏപ്രിൽ, മേയ് മാസങ്ങളിൽ രണ്ട് ന്യൂസ് പേപ്പറുകൾ വരുത്താൻ അനുമതി

നല്കാവുന്നതാണ്. കൂടാതെ പാഴ് കടലാസ് / മാഗസിൻ/ ന്യൂസ് പേപ്പറുകൾ എന്നിവ ലേലം ചെയ്യുമ്പോൾ ലേലതുക, "0202-01-103-92 other receipts" എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടതാണ്.

**ലാബോറട്ടറി ഫീസ്**

ലാബിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ, കമ്പ്യൂട്ടർ ലാബിനാവശ്യമുള്ള കാട്രിഡ്ജ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എൽ പി ജി ഗ്യാസ്, കെമിക്കൽസ് മുതലായവ ലാബ് ഫീസിൽ നിന്നും വാങ്ങാം. ലാബിലേക്കാവശ്യമായ സാധനങ്ങൾ കൊണ്ടു വരുന്നതിനുള്ള കൂലി/ കടത്തുകൂലി എന്നിവ ലാബ് ഫീസിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

സ്റ്റഡി ടൂർ പോകുന്ന അദ്ധ്യാപകരുടെ TA/DA ലാബ് ഫീസിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

പ്രൈവറ്റ് കോളേജുകൾ പീസ്മീൽ പർച്ചേസ് നടത്തുന്ന രീതി ഒഴിവാക്കി ഒരു അദ്ധ്യയന വർഷത്തേക്കുള്ള മുഴുവൻ പർച്ചേയ്സും കോളേജ് കൗൺസിൽ കൂടി നിയമാനുസരണം ടെൻഡർ സിസ്റ്റം ആവശ്യമാണെങ്കിൽ അതിൻ പ്രകാരം ഒരുമിച്ച് നടത്തേണ്ടതാണ്.

**മാഗസിൻ ഫീ**

സ.ഉ(എം.എസ്) നം. 312/83/ഉ.വി.വ തീയതി 30/12/83 പ്രകാരം സർക്കാർ പ്രസ്സുമായി ബന്ധപ്പെട്ട് മാത്രമേ എല്ലാ കോളേജുകളും മാഗസിൻ അച്ചടിക്കുവാൻ പാടുള്ളൂ. എന്നാൽ ഗവൺമെന്റ് പ്രസ്സിന്റെ റേറ്റ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങി കുറഞ്ഞ തുകയ്ക്കു മാഗസിൻ പ്രിന്റ് ചെയ്യാവുന്നതാണ്. അതാതു വർഷത്തെ കളക്ഷൻ/പരസ്യത്തിൽ നിന്നുള്ള വരുമാനം എന്നിവയിൽ നിന്നുകൊണ്ട് മാഗസിൻ പ്രിന്റ് ചെയ്യേണ്ടതാണ്.

**ഓഡിയോ വിഷ്വൽ ഫീ**

കോളേജ് കൗൺസിൽ എടുക്കുന്ന തീരുമാനം അനുസരിച്ച് എൽ.സി.ഡി, ഒ.എച്ച്.പി, ഡി.വി.ഡി, സി.ഡി മുതലായവ ഈ ഫണ്ടിൽ നിന്നും വാങ്ങാവുന്നതാണ്. ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർമാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

**അസോസിയേഷൻ ഫീ**

ടി തുക ചുവടെ വിവരിക്കുന്ന ക്രമത്തിൽ വിനിയോഗിക്കാവുന്നതാണ്.

| | | |
|---|---|---|
| എ) | കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് | 35% |
| ബി) | കോളേജ് യൂണിയൻ ഉത്ഘാടനം | 25% |
| സി) | കോളേജ് ഡേ | 25% |
| ഡി) | സെമിനാറുകൾ | 10% |
| ഇ) | ഡിബേറ്റുകൾ | 5% |

കൂടാതെ ഇന്റർ കോളേജ്/ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിന് കുട്ടികൾക്ക് പ്രാക്ടീസ് കൊടുക്കുന്നതിന് പ്രഗത്ഭരായ കലാകാരൻമാരെ നിയോഗിക്കുന്നതിനുള്ള പ്രതിഫലം, കലാമത്സരങ്ങൾക്കുള്ള ആഭരണങ്ങൾ, മേക്കപ്പ് സാധനങ്ങൾ എന്നിവയുടെ പർച്ചേസ് എന്നിവയും ടി ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ഈ ഫണ്ട് ഉപയോഗിച്ച് വിമെൻസ് ഡേ നടത്താൻ അംഗീകാരം നൽകേണ്ടതില്ല

**സ്കൗട്സ് & ഗൈഡ്സ് ഫീ**

ഇപ്പോൾ കോളേജുകളിൽ സ്കൗട്ട്സ് & ഗൈഡ്സ് നിലവിലില്ല. . അതിനാൽ ടി സ്കീം അനുസരിച്ചുള്ള ഫീസ് കുട്ടികളിൽ നിന്നും തുടർന്ന് പിരിക്കേണ്ടതില്ല. ഇപ്പോൾ പി ഡി അക്കൗണ്ടിൽ സഞ്ചിതമായിരിക്കുന്ന ഇളയിനത്തിലുള്ള തുക സർക്കാർ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

**സ്റ്റേഷനറി ഫീ**

പരീക്ഷാ സമയത്ത് ആവശ്യമായി വന്നാൽ വെള്ളം കുടിക്കുന്നതിനുള്ള കൂജ, ഗ്ലാസ്സ് എന്നിവ ടി ഫണ്ടിൽ നിന്നും വാങ്ങുവാൻ അനുമതി നൽകാവുന്നതാണ്. കൂടാതെ ടെർമിനൽ പരീക്ഷക്കുള്ള സ്റ്റേഷനറി മുതലായവയും ഈ ഫണ്ടിൽ നിന്നും വാങ്ങാവുന്നതാണ്.

**അത്‌ലറ്റിക് ഫീ**

പ്രാക്ടീസ് മാച്ചിന് പരമാവധി 15ദിവസം വരെ അനുമതി നൽകാവുന്നതും ആയതിന് അനുവദിക്കേണ്ട തുക 20% ൽ കൂടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. കുട്ടികൾക്കായുള്ള മുറിവാടക 50/- രൂപയായും ഹാൾട്ടിംഗ് അലവൻസ് 30/- രൂപയായും നിജപ്പെടുത്താവുന്നതും 8 കിലോമീറ്ററിൽ കൂടുതൽ വരുന്ന കേസിൽ മുറി വാടകയും ഹാൾട്ടിംഗ് അലവൻസും ഒരുമിച്ചു നൽകാവുന്നതുമാണ് എന്നാൽ അത് ഒരുമിച്ച് നൽകുമ്പോൾ 75/- രൂപയിൽ കൂടാൻ പാടുള്ളതല്ല. ഉപയോഗശൂന്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ വിറ്റുകിട്ടുന്ന തുക പി ഡി അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതും അത് മേൽപറഞ്ഞ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതുമാണ്.

**ടൂർസ് സ്റ്റഡി**

നിലവിലുള്ള രീതി തുടരാവുന്നതാണ്.

**മെഡിക്കൽ ഇൻസ്പെക്ഷൻ ഫീ**

ഇതിനായി കോളേജുകളുടെ പരിധിയിൽ വരുന്ന പി. എച്ച് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെ ഒരു പാനൽ ഉണ്ടാക്കി നൽകുവാൻ ഡി.എം.ഒ ക്ക് നിർദ്ദേശം കൊടുക്കേണ്ടതും ടി ഡോക്ടർമാരുടെ സേവനം ഇതിലേക്ക് സ്വീകരിക്കാവുന്നതുമാണ്. കുട്ടികൾക്കുള്ള ഹെൽത്ത് കാർഡ്, കോളേജുകളിൽ വച്ച് കുട്ടികൾക്കെന്തെങ്കിലും അപകടം സംഭവിച്ചാൽ പ്രാഥമിക ശുശ്രൂഷ/ആശുപത്രിയിൽ എത്തിക്കുവാനുള്ള വാഹനകൂലി എന്നിവ നൽകാവുന്നതുമാണ്.

**സ്റ്റുഡന്റ് എയ്ഡ് ഫണ്ട്**

നിലവിലുള്ള രീതി തുടരാവുന്നതാണ്.

**ആപ്ളിക്കേഷൻ/രജിസ്ട്രേഷൻ ഫീ**

ആപ്ളിക്കേഷൻ ഫാറം / രജിസ്ട്രേഷൻ എന്നിവക്ക് മൊത്തം 50 രൂപാ ചാർജ്ജ് ചെയ്യാവുന്നതും അവയിൽ രജിസ്ട്രേഷൻ ഫീ 20 രൂപാ ഗവൺമെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ബാക്കി തുകയിൽ 20 രൂപ ആപ്ളിക്കേഷൻ പ്രിൻറിംഗ് ഇനത്തിൽ ചെലവാക്കുന്നതിനും 10 രൂപ പി ഡി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ ബി എഡ് കോളേജുകൾക്കും ബാധകമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഫിന്നി സഖറിയ
ഡെപ്യൂട്ടി സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് - കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ കോഴിക്കോട് (ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകൾക്കും, പ്രിൻസിപ്പൽമാർക്കും അയയ്ക്കുന്നതിനും, അനന്തരനടപടികൾക്കും)